ഈദ് ഖുത്ബ
**14-11-2004**
ബൈതുൽ ഫുതൂഹ്
ലണ്ടൻ.

بسم الله الرحمن الرحيم

# ചെറിയപെരുന്നാളിന്റെ സന്ദേശം

وَأَطِيعُوا اللَّهَ وَرَسُولَهُ وَلَا تَنَازَعُوا فَتَفْشَلُوا وَتَذْهَبَ رِيحُكُمْ وَاصْبِرُوا إِنَّ اللَّهَ مَعَ الصَّابِرِينَ

**അൽഹംദുലില്ലാഹ്.** റമസാൻ സുഖകരമായി കഴിഞ്ഞുപോയി. ഇന്നു നാം എല്ലാവരും ഒരുമിച്ച് പെരുന്നാൾ ആഘോഷിക്കുകയാണ്. അല്ലാഹുവിന് വേണ്ടി നാം നമ്മളെ അനുവദനീയമായ കാര്യങ്ങളിൽ നിന്ന് കുറച്ച് ദിവസം തടഞ്ഞ് നിറുത്തി എന്നത് അവന്റെ തന്നെ ഔദാര്യമാണ്. അവൻ അതിനു പകരമായി ഇന്ന് പെരുന്നാളിന്റെ സന്തോഷം നമുക്ക് നല്കി. ഇതെല്ലാം അല്ലാഹുവിന് അവന്റെ അടിയാറുകളോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് നടന്നു വരുന്നത്. ഏതു നന്മ നിങ്ങൾ ചെയ്താലും നിർബന്ധമായും അവൻ അതിന് പ്രതിഫലം നല്കും. മനുഷ്യൻ തന്റെ ഗുണത്തിനായി നൂറുക്കണക്കിന് ഭൗതിക ഇടപാടുകളിൽ മുഴുകിയാലും അതിന്റെ അവസാനം സന്തോഷം ഉണ്ടാകുമെന്നതിന് ഒരുറപ്പുമില്ല. അല്ലെങ്കിൽ അതിനുത്തമമായ ഫലമുണ്ടാകുമെന്നും ദൃഢനിശ്ചയമില്ല. എന്നാൽ, അല്ലാഹുവിന് വേണ്ടി ചെയ്യപ്പെട്ട നന്മകൾക്ക് സൽഫലം ഉളവാകുകതന്നെ ചെയ്യും. അല്ലാഹുതആല പ്രതിഫലം നല്കുകതന്നെ ചെയ്യും. അതിന്റെ പ്രകടനമെന്ന നിലയിൽ, നമുക്ക് മനസ്സിലാക്കിത്തരുന്നതിനുവേണ്ടി അവൻ ഈ നോമ്പുകൾക്ക് ശേഷം നമ്മെ ഈ പെരുന്നാൾ സന്തോഷ ദിവസം കാണിച്ചുതന്നു. പെരുന്നാൾ ദിവസം വെച്ചിരിക്കുന്നതു തന്നെ ഇത് പ്രകടിപ്പിക്കുന്നതിനുവേണ്ടിയാണ്. എനിക്കുവേണ്ടി നിങ്ങൾ അനുഭവിച്ച നിങ്ങളുടെ ഞെരുക്കത്തിനും ബുദ്ധിമുട്ടിനും സഹനത്തിനും ശേഷം നിങ്ങൾക്കു ഞാൻ സന്തോഷം നല്കുകയാണെന്ന് അല്ലാഹു അറിയിക്കുന്നു. ഈ പെരുന്നാൾ നമ്മോട് പറയുന്നത് നിങ്ങളുടെ ഓരോ സൽക്കർമ്മങ്ങൾക്കും തീർച്ചയായും നിങ്ങൾക്ക് പ്രതിഫലം കിട്ടുമെന്നും അതിലൂടെ നിങ്ങൾക്ക് സന്തോഷം ലഭിക്കുമെന്നുമാണ്. അല്ലാഹുവിന്റെ സന്ദേശമാണിത്. അതിനുപകരം നിങ്ങൾക്ക് സന്തോഷത്തിന്റെ സാഹചര്യം ഒരുക്കിത്തരുന്നതാണ്. അതുകൊണ്ട് എപ്പോഴും അല്ലാഹുവിനെ അനുസരിക്കുകയും അവൻ നല്കിയിട്ടുള്ള കല്പനകൾ അനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. ആ കല്പനകളിൽ ഒന്ന്, പരസ്പരം സഹോദരന്മാരായി ജീവിക്കുക എന്നതാണ്. പരസ്പരം സഹായിക്കുക എന്നതാണ്. ഇങ്ങനെ ജീവിക്കുകയാണെങ്കിൽ അവൻ എപ്പോഴും നിങ്ങൾക്കായി സന്തോഷത്തിന്റെയും പെരുന്നാളിന്റേയും സാഹചര്യങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുന്നതുമാണ്.

ഞാനോതിയ വചനത്തിലും ഇതിനെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുന്നവർ പരസ്പരം കലഹിക്കുകയില്ല. പ്രത്യുത സ്നേഹത്തോടും സന്തോഷത്തോടും കൂടി ജീവിക്കുകയാണ് ചെയ്യുക. അതുകൊണ്ട് നിങ്ങളും അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുന്നവരാണെങ്കിൽ പരസ്പരമുള്ള വഴക്കും വക്കാണവും ഉപേക്ഷിക്കുക. ഈ വഴക്കും വക്കാണവും കാരണത്താൽ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനകളോട് നന്ദികേട് കാണിക്കുന്നവരാകുമെന്ന് മാത്രമല്ല. ജമാഅത്ത് മുഖേന നിങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന റുഅ്ബ് (നിങ്ങളെക്കുറിച്ച് മറ്റുള്ളവരിൽ ഉണ്ടായിരിക്കുന്ന ആദരയുക്തമായ ഭയം) ഇല്ലാതാകും. നിങ്ങളുടെ ശക്തി ക്ഷയിച്ചുപോകും. ശത്രുക്കളും എതിരാളികളും നിങ്ങളുടെ കലഹങ്ങളിൽ നിന്നും ലഹളകളിൽ നിന്നും ഫലമെടുക്കുകയും ചെയ്യും. നിങ്ങളുടെ ഈ വഴക്കും കലഹവും കാരണത്താൽ ശയ്ത്വാൻ നിങ്ങളുടെ ഉള്ളിൽ ദുർബോധനങ്ങൾ ഉണ്ടാക്കും. അവയിലൊന്ന് നിസാമിനോട് - വ്യവസ്ഥിതിയോട് നിങ്ങൾക്ക് വെറുപ്പുണ്ടാക്കുക എന്നതുമാകാം. വഴക്കും വക്കാണവും കാരണത്താൽ നിങ്ങൾ നിങ്ങളുടെ പ്രശ്നം ജമാഅത്തിന്റെയടുക്കൽ കൊണ്ടുച്ചെല്ലുമ്പോൾ, ഏതു കക്ഷിക്കെതിരെ വിധിയുണ്ടായാലും അവന്റെ ഹൃദയത്തിൽ ജമാഅത്തിലെ ഭാരവാഹികൾക്കെതിരെ തെറ്റുധാരണയുണ്ടാകും. ഇതുമുഖേന നിങ്ങളുടെ ശത്രുക്കൾ ഫലമെടുക്കുമെന്ന് മാത്രമല്ല ഇക്കാരണത്താൽ നിങ്ങളുടെ ഉള്ളിൽ ഭീരുത്വവുമുണ്ടാകും. പരസ്പരം വഴക്കും വക്കാണവും ഉണ്ടാകുമ്പോൾ ഭീരുക്കൾ തങ്ങളുടെ കൂട്ടുകാരെ കൂട്ടുപിടിക്കാൻ ശ്രമിക്കുന്നു, ഗ്രൂപ്പുണ്ടാക്കാൻ ശ്രമിക്കുന്നു. പിന്നീട് ഈ സഹായിക്കുന്നവർ നിങ്ങളെക്കൊണ്ട് അവരുടെ കാര്യ

ങ്ങളും ഇതിനിടയിലൂടെ സാധിപ്പിച്ചെടുക്കുന്നു. നിങ്ങളെ തെറ്റായ വഴിയിലൂടെ നടത്തുന്നു. നിങ്ങൾ ഭാരവാഹികളെക്കുറിച്ച് അവർക്കെതിരിൽ സംസാരിക്കാനും തുടങ്ങുന്നു. ഭിന്നിപ്പുണ്ടാക്കുന്ന ഒരുപാട് കാര്യങ്ങൾ ഇതിൽ നിന്ന് ഉടലെടുക്കുകയും ചെയ്യും. പിന്നീട് ശയ്ത്വാൻ നിങ്ങളെ ചുറ്റിക്കാൻ തുടങ്ങുന്നു. ഒരു കാര്യങ്ങളും മറഞ്ഞിരിക്കുകയില്ല. പരസ്പരമുള്ള കലഹവും വഴക്കും വെറുപ്പും ഒന്നും തന്നെ മറഞ്ഞിരിക്കുകയില്ല. അത് അന്യരുടെ അടുത്തുമെത്തുന്നതാണ്. നിങ്ങൾ ഒരു ജമാഅത്തായ കാരണത്താൽ ജമാഅത്തിലെ ഒരംഗമെന്ന കാരണത്താൽ നിങ്ങൾക്ക് അവരുടെ ഇടയിൽ ഉണ്ടായിരുന്ന അന്തസ്സ് ഇല്ലാതാകും. അതുകൊണ്ടാണ് പറഞ്ഞത് അത്തരം അവസ്ഥകൾ ഉണ്ടായാൽ സഹനം കൈക്കൊള്ളുകയെന്ന്. കുഴഞ്ഞുമറിഞ്ഞ കാരണമാണെങ്കിൽ അത് പരിഹരിക്കാതെ നിവർത്തിയില്ലെങ്കിൽ ജമാഅത്തിനോട് പറയുക. അവർ നിങ്ങൾക്ക് വേണ്ടി നല്ലൊരു വഴി കണ്ടെത്താൻ ശ്രമിക്കുന്നതാണ്. നിങ്ങൾ എന്തായാലും സഹിച്ചുകൊണ്ട് നിശബ്ദരായിരിക്കുക. നിങ്ങളുടെ ഈ സഹനം അല്ലാഹുവിന് വേണ്ടിയാണെങ്കിൽ, ജമാഅത്തിന്റെ അന്തസ്സിന് ക്ഷതമേല്ക്കാതിരിക്കുന്നതിനാണെങ്കിൽ, ജനങ്ങൾക്ക് ജമാഅത്തിന് മേൽ വിരൽ ചൂണ്ടാനുള്ള അവസരം കൊടുക്കാതിരിക്കുന്നതിനാണെങ്കിൽ, ഞാൻ നിങ്ങളോടൊപ്പം ഉണ്ടെന്ന് അല്ലാഹു പറയുന്നു. കാരണം എനിക്കുവേണ്ടിയാണ് നിങ്ങൾ ആ പ്രവർത്തി ചെയ്തത്. അപ്പോൾ എന്തായാലും ഞാൻ നിങ്ങളോടൊപ്പം തന്നെയുണ്ടാകും നിങ്ങളുടെ ഉന്നമനത്തിനുള്ള അവസരം ഒരുക്കാൻ ശ്രമിക്കുകയും ചെയ്യും. അല്ലാഹു ആരോടൊപ്പമാണോ അവനു വേണ്ടി തന്റെ പക്കൽ നിന്ന് സമാധാനത്തിന് കാരണമാകുന്ന ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കുന്നു. അവൻ അയാൾക്ക് വേണ്ടി സന്തോഷത്തിനുള്ള അവസരമൊരുക്കുന്നു. നിങ്ങൾ ജമാഅത്തിന്റെ അഭിമാനം നിലനിറുത്തുന്നതിനുവേണ്ടി വരിച്ച ത്യാഗത്തിന് അല്ലാഹുതആല നിങ്ങളെ ആദരിക്കുന്നു. അതുകൊണ്ട് അല്ലാഹുവിന് വേണ്ടി നിങ്ങൾ സമർപ്പിച്ച ത്യാഗത്തിന് ശേഷം അല്ലാഹു നിങ്ങൾക്ക് വേണ്ടി പൊതുജീവിതത്തിലും സന്തോഷത്തിനുള്ള സാധനസാമഗ്രികൾ ഒരുക്കുമെന്ന പാഠവും ഈ റമളാൻ - ഈ പെരുന്നാൾ നല്കുന്നുണ്ട്. കാരണം ഒരു മാസത്തെ ട്രെനിംഗ് നിങ്ങൾ നേടിക്കഴിഞ്ഞതാണ്. ഇതിനെ നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുക.

സയ്യിദുനാ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ഇസ്ലാമിക കക്ഷികളിൽ നിത്യേന ഭിന്നിപ്പ് വർധിച്ചുകൊണ്ടേ പോകുന്നു. ഭിന്നിപ്പ് ഇസ്ലാമിന് കടുത്ത ദോഷമാണ്. അല്ലാഹു പറഞ്ഞു. *ലാ തനാസഉ വ തഫ്ശലു വ തദ്ഹബ രീഹുകും.* ഇസ്ലാമിൽ ഭിന്നിപ്പ് പൊട്ടിപ്പുറപ്പെട്ടതു മുതൽ ഓരോ നിമിഷവും അത് അധഃപതിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് അല്ലാഹു തആല ഈ ജമാഅത്ത് രൂപീകരിച്ചു; ജനങ്ങൾ ഗ്രൂപ്പുകളിൽ നിന്ന് രക്ഷപ്പെട്ട് ഈ ജമാഅത്തിൽ പ്രവേശിക്കുന്നതിനുവേണ്ടി. ഇത് നിരർത്ഥകമായ ഭിന്നിപ്പുകളിൽ നിന്ന് തികച്ചും സുരക്ഷിതമാണ്. നബി (സ) പറഞ്ഞ നേരായ പാതയിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതാണ്.

നോക്കുക, ഹസ്റത്ത് മസീഹ് മൗഊദ് (അ) ജനങ്ങളോട് പറയുന്നു. അവരോട് പ്രഖ്യാപിക്കുന്നു. മറ്റു മുസ്ലിംകളെ ക്ഷണിക്കുന്നു. ഏതൊരു പരിശുദ്ധ ജമാഅത്ത് രൂപീകരിക്കണമെന്നാണോ വിധിയുണ്ടായിരുന്നത് ആ ജമാഅത്ത് രൂപീകരിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് സംഘടിച്ച് ജീവിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ വരിക, ഈ ജമാഅത്തിൽ പങ്കാളികളാകുക. കാരണം, ഇപ്പോൾ നബി (സ) യുടെ വഴിയിലൂടെ സഞ്ചരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന, ജമാഅത്തിന്റെ ശക്തി അനുഭവിച്ചറിയുന്ന ലഹളകളിൽനിന്നും കലഹങ്ങളിൽനിന്നും മുക്തിനേടിയ ജമാഅത്ത് ഇതൊന്നുമാത്രമാണ്. നോക്കുക, എത്രവലിയ പ്രതീക്ഷകളാണ് ഉള്ളത്. ഹസ്റത്ത് മസീഹ് മൗഊദ് (അ) നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്നത് എത്രവലിയ കാര്യമാണ്. അതുകൊണ്ട് ഈ പ്രതീക്ഷയ്ക്കൊത്തുയരാൻ ശ്രമിക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. ചെറിയ ചെറിയ വഴക്കുകളും നിസ്സാരകാര്യങ്ങളിലുള്ള വെറുപ്പും വൈരാഗ്യവും ഉപേക്ഷിച്ചുകൊണ്ട് പരസ്പരം സ്നേഹത്തോടും സന്തോഷത്തോടും കൂടി ജീവിക്കാൻ ശ്രമിക്കുക. തെറ്റുകുറ്റങ്ങൾ പരസ്പരം പൊറുത്തുകൊടുക്കുക എന്ന ശീലരായിത്തീരുക. എല്ലാ കാര്യത്തിനും പകരം വീട്ടുകയും കലഹവും ലഹളയും വളർത്തുകയും ചെയ്യുക എന്നത് നിർബന്ധമുള്ള കാര്യമല്ല. മറിച്ച് അല്ലാഹവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളായിത്തീരാൻ ക്ഷമിക്കുകയും മാപ്പുകൊടുക്കുകയും ചെയ്യേണ്ടതാണ്. അതുകൊണ്ട് എല്ലാവർക്കും സന്തോഷത്തിന്റെ ദിനമായ ഈ പെരുന്നാൾ ദിവസം നമ്മുടെ സന്തോഷത്തെ കൂടുതൽ വർധിപ്പിക്കുന്നതിനായി, വെറുപ്പും വിദ്വേഷവും വൈരാഗ്യവും വെച്ചുപുലർത്തുന്നവർ - ചിലരുടെ പരസ്പരമുള്ള സംസാരം തന്നെ നിന്നുപോയിരിക്കുന്നു. - അവർ സുഹൃത്തുക്കളാവട്ടെ ബന്ധുക്കളാവട്ടെ കൂടെ ജോലിചെയ്യുന്നവരാകട്ടെ ഭാര്യയും ഭർത്താവുമാകട്ടെ അമ്മായിയമ്മയും മരുമകളുമാകട്ടെ സഹോദരനും സഹോദരിയുമാകട്ടെ ആരാണെങ്കിലും അല്ലാഹുവിന് വേണ്ടി ജമാഅത്തിന്റെ കരുത്തിനുവേണ്ടി ആ വെറുപ്പുകളെ ഒക്കെ അകറ്റുകയും സ്വന്തം കാര്യങ്ങൾ അല്ലാഹുവിൽ ഭരമേല്പിച്ചുകൊണ്ട് ക്ഷമയോടെ പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ, ഞാൻ നിങ്ങളോടൊപ്പമുണ്ടെന്ന് അല്ലാഹു പ്രഖ്യാപിക്കുന്നു. ഈ സ്നേഹങ്ങളെ

വ്യാപിപ്പിക്കുന്ന കാരണത്താൽ വ്യക്തിഗതമായ പ്രയോജനം മാത്രമല്ല ഉണ്ടാകുന്നത്. നിങ്ങളുടെ ഈ പ്രവർത്തനം ജമാഅത്തിന്റെ കരുത്തിനും കാരണമായിത്തീരുന്നതാണ്. ഓരോരുത്തർക്കും ഇക്കാര്യം ബോധ്യമാകുമ്പോൾ ഇതുതന്നെ പെരുന്നാളിന്റെ യഥാർത്ഥ സന്തോഷത്തിന്റെ കോന്തലയായിത്തീരുന്നതാണ്. യഥാർത്ഥ സന്തോഷം പ്രദാനം ചെയ്യുന്നതായി മാറുന്നതാണ്. അല്ലാഹുതആല എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു. എന്റെ പ്രതാപത്തിനും എന്റെ മഹത്വത്തിനും വേണ്ടി പരസ്പരം സ്നേഹിച്ചിരുന്ന അക്കൂട്ടരെവിടെ? എന്ന് അല്ലാഹു പുനരുത്ഥാനനാളിൽ ചോദിക്കുന്നതാണ്. ഇന്ന് എന്റെ തണലല്ലാതെ മറ്റൊരു തണലുമില്ല. ഞാൻ അവർക്ക് എന്റെ കാരുണ്യത്തിന്റെ തണലിൽ ഇടം നല്കുന്നതാണ്.

നോക്കുക, തന്നെ സ്നേഹിക്കുന്നവരോടും തന്നെ അനുസരിക്കുന്നവരോടുമുള്ള അല്ലാഹുവിന്റെ പെരുമാറ്റം ഈ രീതിയിലുള്ളതാണ്. തന്റെ തണലിൽ അവർക്കവൻ ഇടം നല്കുന്നു. അന്നാണെങ്കിൽ മറ്റൊരു തണലും ഉണ്ടാവുകയുമില്ല.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) തിരുമേനി പറഞ്ഞു. ബന്ധം വിച്ഛേദിക്കുന്നവരുമായി ബന്ധം സ്ഥാപിക്കുകയും നിനക്ക് തരാത്തവർക്ക് നീ നല്കുകയും നിന്നെ ചീത്ത വിളിക്കുന്നവർക്ക് മാപ്പുകൊടുക്കുകയും ചെയ്യുക എന്നതാണ് ഏറ്റവും വലിയ ശ്രേഷ്ഠത.

ഇപ്പറഞ്ഞതാണ് യഥാർത്ഥ ശ്രേഷ്ഠത. ഇത് കരസ്ഥമാക്കാൻ ഇന്ന് ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്. നിങ്ങളുമായി ബന്ധമുള്ളവരും നിങ്ങളെ പരിഗണിക്കുന്നവരുമായിട്ട് ബന്ധം പുലർത്തുക എന്നത് വലിയ കാര്യമൊന്നുമല്ല. അതിലൊരു ശ്രേഷ്ഠതയുമില്ല. നിങ്ങളുമായി ബന്ധം മുറിക്കുന്നവർക്കും നിങ്ങൾക്ക് വിഷമമുണ്ടാക്കുന്നവർക്കും നിങ്ങളുടെ അവകാശം പിടിച്ചെടുക്കുന്നവർക്കും നിങ്ങളെക്കുറിച്ച് ദോഷം പറഞ്ഞ് നടക്കുന്നവർക്കുമെല്ലാം മാപ്പുകൊടുക്കുന്നതിലാണ് ശ്രേഷ്ഠതയുള്ളത്. അവരുമായി ബന്ധം സ്ഥാപിക്കുക. അല്ലാഹുവിന് വേണ്ടി പുലർത്തുന്ന ഈ ബന്ധവും അല്ലാഹുവിന് വേണ്ടിയുള്ള മാപ്പുകൊടുക്കലുമാണ് നിങ്ങളുടെ ശ്രേഷ്ഠതയ്ക്ക് നിദാനമായിത്തീരുന്നത്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. എല്ലാ പ്രവാചകന്മാരുടെയും നിയോഗോദ്ദേശ്യം അല്ലാഹുവിനോടുള്ള സത്യപൂർണ്ണമായ സ്നേഹം സ്ഥാപിക്കുക എന്നതാണ്. മനുഷ്യകുലത്തിനോടുള്ള സ്നേഹങ്ങളിലും അവരുടെ അവകാശങ്ങളിലും ഒരു പ്രത്യേക നിറം പിടിപ്പിക്കുക എന്നതാണ്. ഇതുണ്ടാകാത്തിടത്തോളം എല്ലാ കാര്യങ്ങളും വെറും ചടങ്ങായിരിക്കും. അല്ലാഹു തആല നമുക്കെല്ലാവർക്കും ചടങ്ങല്ലാത്തതും ഹൃദയത്തിന്റെ ആഴങ്ങളിൽനിന്ന് ഉണ്ടാകുന്നതുമായ ബന്ധം നിലനിർത്താൻ തൗഫീഖ് നല്കുമാറാകട്ടെ. വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: നാവ്, കണ്ണ്, ചെവി പോലെയുള്ള എല്ലാ അവയവങ്ങളിലും തഖ്‌വ - ദൈവഭയം പ്രവഹിപ്പിക്കുക എന്നതാണ് ഈ ജമാഅത്ത് രൂപീകരിച്ചതിന്റെ ഉദ്ദേശ്യം. ദൈവഭയത്തിന്റെ പ്രകാശം മനുഷ്യന്റെ അകത്തും പുറത്തും ഉണ്ടാകേണ്ടതാണ്. അവ ഉൽകൃഷ്ടമായ സ്വഭാവങ്ങളുടെ ഉത്തമമാതൃകയായിരിക്കേണ്ടതാണ്. കോപവും വിദ്വേഷവും തീരെയുണ്ടാകരുത്. ദ്വേഷം എന്ന ന്യൂനത ജമാഅത്തിലെ അധികമാളുകളിലും ഇപ്പോഴും ഉള്ളതായി ഞാൻ കാണുന്നു. നിസ്സാരകാര്യങ്ങളിൽ പോലും പകയും വിദ്വേഷവും വെച്ചുപുലർത്തുകയും പരസ്പരം ശണ്ഠകൂടുകയും ചെയ്യുന്നു. അത്തരക്കാർക്ക് ഈ ജമാഅത്തിൽനിന്ന് ഒരു വിഹിതവും ലഭിക്കുകയില്ല. ആരെങ്കിലും ചീത്തവിളിച്ചാൽ മൗനം പാലിച്ച് മറുപടി പറയാതിരിക്കുന്നതുകൊണ്ട് എന്തുകോട്ടം വരാനാണെന്ന് എനിക്കറിയില്ല. സൽസ്വഭാവത്തിലൂടെയാണ് ഓരോ ജമാഅത്തിന്റെയും പ്രാഥമിക സംസ്കരണം ആരംഭിക്കുന്നത്. ആരംഭത്തിൽത്തന്നെ സഹനപൂർവ്വം ശിക്ഷണത്തിൽ പുരോഗതി പ്രാപിക്കേണ്ടതാണ്. ആരെങ്കിലും ചീത്ത വിളിച്ചാൽ, അല്ലാഹു അയാളെ നന്നാക്കട്ടേ എന്ന് മനമുരുകി പ്രാർത്ഥിക്കുക എന്നുള്ളതാണ് ഏറ്റവുമുത്തമമയാ പ്രതിവിധി. ഹൃദയത്തിൽ ഒരിക്കലും വിദ്വേഷം വളർത്തരുത്. ലോകത്തിന് നിയമമുള്ളതുപോലെ അല്ലാഹുവിനും നിയമമുണ്ട്. ലോകം അതിന്റെ നിയമം കയ്യൊഴിക്കാൻ തയ്യാറല്ലാത്തപ്പോൾ അല്ലാഹു എങ്ങനെയാണ് തന്റെ നിയമത്തെ കയ്യൊഴിക്കുക. അതായത് ഇതിനുണ്ടാകുന്ന ഫലം അല്ലാഹുവിൽനിന്നുള്ള ശിക്ഷയായിരിക്കും.

അതുകൊണ്ട് മാറ്റമുണ്ടാകാത്തിടത്തോളം അല്ലാഹുവിന്റെ പക്കൽ നിങ്ങൾക്കൊരു സ്ഥാനവുമില്ല. സൽഗുണങ്ങളായ സഹിഷ്ണുതയുടെയും ക്ഷമയുടെയും മാപ്പിന്റെയും സ്ഥാനത്ത് മൃഗീയത ഉണ്ടാകുന്നത് അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. ഈ ഉൽകൃഷ്ടമായ സ്വഭാവങ്ങളിൽ നിങ്ങൾ അഭിവൃദ്ധിപ്പെട്ടാൽ എത്രയും വേഗം അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതാണ്. എന്നാൽ ജമാഅത്തിന്റെ ഒരു ഭാഗം ഇപ്പോഴും ഈ ഉൽകൃഷ്ട സ്വഭാവഗുണങ്ങളിൽ ബലഹീനത കാണിക്കുന്നു എന്നതിൽ എനിക്ക് വിഷമമുണ്ട്. ഇക്കാര്യങ്ങൾ കൊണ്ട് ശത്രുക്കൾക്ക് ചിരിക്കാനും പരിഹസിക്കാനും അവസരമുണ്ടാവുക മാത്രമല്ല. അത്തരക്കാർ സ്വയം ദൈവസാമീപ്യത്തിന്റെ സ്ഥാനത്തുനിന്ന് വീണുപോവുകയും ചെയ്യുന്നു.

അല്ലാഹു നമുക്ക് സൽപന്ഥാവിലൂടെ

നടക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. എപ്പോഴും അവന്റെ സാമീപ്യം പ്രാപിക്കുന്നവരായിരിക്കുമാറാകട്ടെ. നമ്മുടെ യഥാർത്ഥ പെരുന്നാൾ നമുക്കുണ്ടാകുന്നത് നാം അല്ലാഹുവിന്റെ അനുസരണത്തിൽ യഥാവിധി പ്രവേശിക്കുമ്പോഴാണ്. അവന്റെ കാരുണ്യത്തിന്റെ തണലിൽ ഇടം നേടുന്നവരാകുമ്പോഴാണ് അല്ലാഹു നമുക്ക് ഇതിന് തൗഫീഖ് നല്കുമാറാകട്ടെ. പെരുന്നാളിനെ സംബന്ധിച്ച് ഒന്നുരണ്ടുകാര്യങ്ങൾകൂടി ഞാൻ പറയാൻ ആഗ്രഹിക്കുന്നു. നിവേദനത്തിൽ വന്നിരിക്കുന്നു. റസൂലുല്ലാഹി (സ) പറഞ്ഞു: നിങ്ങളുടെ പെരുന്നാളിനെ അല്ലാഹുവിന്റെ വലുപ്പത്തം പ്രഖ്യാപിച്ചുകൊണ്ട് അലങ്കരിക്കുക. മറ്റൊരു നിവേദനത്തിൽ അവിടന്ന് പറയുന്നു: തക്ബീറും തഹ്ലീലും സ്തുതിയും കീർത്തനവും കൊണ്ട് അല്ലാഹുവിന്റെ പരിശുദ്ധി പ്രകടിപ്പിച്ച് നിങ്ങളുടെ പെരുന്നാളിനെ മനോഹരമാക്കുക.

നല്ലവസ്ത്രം ധരിക്കുകയും നല്ല ഭക്ഷണം കഴിക്കുകയും ചെയ്യുന്നതിന്റെ മാത്രം പേരല്ല പെരുന്നാൾ. മറിച്ച് പെരുന്നാൾ നമസ്കാരത്തിന് ഈദ്ഗാഹിൽ വരുമ്പോഴും മടങ്ങുമ്പോഴും ദിവസം മുഴുവനും ദൈവസ്മരണയിലും അല്ലാഹുവിനെ സ്തുതിക്കുന്നതിലും അവന് കീർത്തനം ചെയ്യുന്നതിലും ചെലവഴിക്കേണ്ടതാണ്. നമസ്കാരവും പാഴായിപ്പോകാതെ ശ്രദ്ധിക്കണം. പള്ളിയിലെ നമസ്കാരത്തിന്റെ ഹാജർ നിലയും ശ്രദ്ധിക്കണം. റമസാനിൽ നടന്നുവന്നതുപോലെ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് ബൈത്തുൽ ഫള്ലിലും സുബ്ഹി നമസ്കാരത്തിന് അടുത്തുള്ള ഒരുപാടാളുകൾ വന്നിരുന്നു. ഇങ്ങനെ പള്ളിയെപ്പോഴും ആളുകളെക്കൊണ്ട് നിറക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

നമ്മുടെ യഥാർത്ഥ പെരുന്നാൾ അല്ലാഹുവിനെ ആരാധിക്കുന്നതിൽ തന്നെയാണ്. ഇതുതന്നെയാണ് നബി (സ) പറഞ്ഞത്; നിങ്ങളുടെ പെരുന്നാളിന്റെ മനോഹാരിത വെറും സന്തോഷം ആഘോഷിക്കുക എന്നതല്ല. ചെണ്ടയടിച്ചും മൃദംഗം കൊട്ടിയും ഒക്കെ മറ്റുള്ളവരും സന്തോഷിക്കാറുണ്ട്. ഇവിടെ കഴിഞ്ഞ ഒരാഘോഷത്തിൽ വലിയ വെടിക്കെട്ട് നടന്നിരുന്നു. പെരുന്നാളിന്റെ സൗന്ദര്യം വർധിപ്പിക്കുന്നതിന് വേണ്ടി അല്ലാഹുവിനെ സ്മരിക്കേണ്ടത് വളരെ ആവശ്യമാണ്. നിർബന്ധ നമസ്കാരത്തിന് ഹാജരായാൽ മാത്രം പോര. രാത്രിയിലെ നമസ്കാരത്തെ സംബന്ധിച്ചും നബി (സ) സുവാർത്ത അറിയിച്ചിരിക്കുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) പറഞ്ഞു: ആരാണോ രണ്ടു പെരുന്നാളിന്റെയും രാവുകളിൽ ആരാധനയിൽ മുഴുകുന്നത്. അവന്റെ ഹൃദയം എന്നെന്നേക്കുമായി ജീവസുറ്റതാക്കിത്തീർക്കുന്നതാണ്. ലോകത്തുള്ള എല്ലാവരുടെയും ഹൃദയങ്ങൾ മരിക്കുമ്പോഴും അവരുടെ ഹൃദയം മരിക്കുകയില്ല.

പെരുന്നാൾ രാവിനെ അല്ലാഹുവിന്റെ ആരാധനയാൽ ജീവിപ്പിക്കുന്നവർക്ക് എത്രമാത്രം വലിയ സുവാർത്തയാണിത്. അല്ലാഹുതആല എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ. ഓരോ അഹ്മദിയും അല്ലാഹുവിനോടുള്ള കടമയും സൃഷ്ടികളോടുള്ള കടമയും നിറവേറ്റുന്നവരായിത്തീരുമാറാകട്ടെ. ഈ പെരുന്നാൾ ജമാഅത്തിലെ ഓരോ വ്യക്തിക്കും സന്തോഷത്തിന്റെ വാർത്തകളുമായി വരാൻ അല്ലാഹു തുണക്കുമാറാകട്ടെ. നാം എപ്പോഴും ഈ സന്തോഷത്തിൽ ഭാഗഭാക്കുകളായിത്തീരുമാറാകട്ടെ. ഇനി നാം ദുആ ചെയ്യുന്നതാണ്. എല്ലാവരും ദുആയിൽ പങ്കെടുക്കുന്നതാണ് ഇൻശാ അല്ലാഹ്. ദുആയിൽ ലോകത്തുള്ള എല്ലാ അഹ്മദികളെയും തടവറയിൽ കഴിയുന്ന അഹ്മദികളെയും അഹ്മദി ശുഹദാക്കളുടെ മക്കളെയും ലോകത്തുള്ള എല്ലാ വിവശരേയും പാവപ്പെട്ടവരെയും ആവശ്യങ്ങളുള്ളവരെയും ഓർമിക്കുക. അല്ലാഹു എല്ലാവർക്കും സന്തോഷത്തിനുള്ള അവസരം ഒരുക്കുമാറാകട്ടെ. എല്ലാവരും അല്ലാഹുവിന്റെ കല്പനയനുസരിച്ച് നടക്കുന്നവരായിത്തീരട്ടെ. എല്ലാവർക്കും ഈദ് മുബാറക്ക്. ഞാൻ പറഞ്ഞതുപോലെ എപ്പോഴും സന്തോഷവുമായി ഈദ് നമ്മിലേക്ക് വന്നണയുമാറാകട്ടെ. റബ്വ വാസികൾക്കും പാക്കിസ്ഥാൻകാർക്കും ഖാദിയാൻ വാസികൾക്കും ദുനിയാവിലെ എല്ലാ അഹ്മദികൾക്കും ഈദ് മുബാറ്ക്ക്. അല്ലാഹു എല്ലാ പെരുന്നാളുകളെയും സന്തോഷഭരിതമാക്കിത്തീർക്കട്ടെ. ആമീൻ.

**(വിവ: മുഹമ്മദ് ഇസ്മായിൽ)**

---

**EID KHUTHBA**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 14 - 11 - 2004 at**
**Baithul Futuh**
**London.**

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്